**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4766** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ജലസേചന വകുപ്പിൽ തീർപ്പാകാതെ കിടന്നിരുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി നടപ്പിലാക്കിയിരുന്നു. ആയതിലേയ്ക്ക് വകുപ്പ് തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും എല്ലാ കാര്യാലയങ്ങളിലും ഫയൽ തീർപ്പാക്കലിന്റെ മേൽനോട്ടത്തിന് നോഡൽ ഓഫീസറെ നിയമിച്ച് അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി ഒരു ഉദ്യോഗസ്ഥ ടീമിനെ നിയോഗിക്കുകയും ചെയ്തു. ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞപരിപാടിയിൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ തീർപ്പാക്കണ മെന്ന നിർദ്ദേശം ബന്ധപ്പെട്ട കാര്യാലയങ്ങൾക്ക് നൽകിയിട്ടുമുണ്ടായിരുന്നു. |
| (ബി) | ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും തീർപ്പാക്കാനുള്ള ഫയലുകൾ എത്രയെന്നും അറിയിക്കുമോ? | (ബി) | ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിരുന്നു. 342 ഫയലുകൾ തീർപ്പാക്കി യിട്ടുണ്ട്. 128 ഫയലുകൾ തീർപ്പാക്കാനുണ്ട്. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി യുടെ കീഴിൽ 136 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നത് 10 ഫയലുകളായി ചുരുക്കുവാൻ സാധിച്ചു. കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിരുന്നു. ആകെ 113 ഫയലുകളിൽ 105 ഫയലുകൾ തീർപ്പാക്കി. ബാക്കി 8 ഫയലുകൾ തീർപ്പാക്കാൻ അവശേഷി ക്കുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് 2-ന്റെ കാര്യാലയത്തിനു കീഴിൽ 952 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നതിൽ 939 ഫയലുകൾ തീർപ്പാക്കി. |

സെക്ഷൻ ഓഫീസർ